## കേരള സർക്കാർ

### <u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ കായംകുളം യൂണിറ്റിലെ 15 തസ്തികകൾക്ക് 01/04/2026 മുതൽ 30/11/2026 വരെ തുടർച്ചാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.208/2026/റവ.** **തീയതി, തിരുവനന്തപുരം, 10-07-2026.**

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.442/2012/ധന, തീയതി, 08-08-2012.

2. സർക്കുലർ നം.29/2023/ധന, തീയതി, 24-03-2023.

3. സ.ഉ.(സാധാ) നം.2927/2025/ആർഡി, തീയതി, 30-12-2025.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30-04-2026 തീയതിയിലെ LR/6238/2021-LR(C5) നമ്പർ കത്ത്.

### <u>ഉത്തരവ്</u>

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ കായംകുളം, കോട്ടയം യൂണിറ്റുകളിലെ യഥാക്രമം 15, 16 തസ്തികകൾക്ക് 01/06/2025 മുതൽ 31/03/2026 വരെ തുടർച്ചാനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ കായംകുളം യൂണിറ്റിലെ 15 തസ്തികകൾക്ക് 01/04/2026 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ 31/08/2025 വരെയുള്ള കുടിശ്ശിക തുകയായ 1,30,68,517/- രൂപ റെയിൽവെ ഒടുക്കു വരുത്തിയിട്ടുണ്ടെന്നും, 01-12-2025 മുതൽ 30-11-2026 വരെ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി ലഭ്യമാക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ പരാമർശ കത്തിലെ ശിപാർശ പരിഗണിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ കായംകുളം യൂണിറ്റിലെ ചുവടെ പരാമർശിച്ചിട്ടുള്ള 15 തസ്തികകൾക്ക് 01/04/2026 മുതൽ 30/11/2026 വരെ തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | വാല്യുവേഷൻ അസിസ്റ്റന്റ് | 1 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 2 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 2 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | സർവ്വേയർ | 2 |
| 9 | ഡ്രാഫ്റ്റ്സ്മാൻ | 1 |
| | **ആകെ** | **15** |

4. 01-09-2025 മുതലുള്ള എസ്റ്റാബ്ലിഷ്മെന്റ് കുടിശ്ശിക അടിയന്തരമായി ഒടുക്കുവരുത്തുന്നതിന് റെയിൽവേയ്ക്ക് നിർദ്ദേശം നൽകുന്നതിനാവശ്യമായ നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ.
സ്പെഷ്യൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, ആലപ്പുഴ.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം..................)
5. ധനകാര്യ വകുപ്പ് (2713904/EXP-D1/67/2024-FIN, dated 11-06-2026)
6. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B3/123/2026-REV)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.